**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393

തീയതി. 18.03.2025

# കോട്ടയം ജില്ലയിലെ ളാലം വില്ലേജ് ഓഫീസിൽ മിന്നൽ പരിശോധന

കോട്ടയം ജില്ലയിലെ ളാലം വില്ലേജ് ഓഫീസ് പരിധിയിൽ കനാൽ കയ്യേറി അഞ്ചേരിൽ പവലിയൻ എന്ന സ്ഥാപനം ഓഡിറ്റോറിയം നിർമ്മിച്ചതുമായി ബന്ധപ്പെട്ട് വിജിലൻസിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം കിഴക്കൻ മേഖല വിജിലൻസ് യൂണിറ്റ് ഇന്ന് (18.03.2025) രാവിലെ 11.00 മണി മുതൽ 4.30 മണി വരെ ളാലം വില്ലേജ് ഓഫീസിലും സ്വകാര്യ സ്ഥാപനം കയ്യേറിയ സർക്കാർ ഭൂമിയിലും മിന്നൽ പരിശോധന നടത്തി. മിന്നൽ പരിശോധനയിൽ 25 സെന്റ് സർക്കാർ ഭൂമി സ്വകാര്യ സ്ഥാപനം കയ്യേറിയതായി കണ്ടെത്തി. തുടർ നടപടി സ്വീകരിക്കുന്നതാണ്.

## പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ വിജിലൻസിന്റെ പ്രാഥമിക അന്വേഷണം

കോഴിക്കോട് കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ "ടേക്ക് എ ബ്രേക്ക്" പദ്ധതി പ്രകാരമുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും, 45 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള പദ്ധതിയിൽ 15 ലക്ഷം രൂപയുടെ പോലും നിർമ്മാണപ്രവർത്തികൾ നടത്തിയിട്ടില്ലയെന്ന ആരോപണം സംബന്ധിച്ച് 17/11/2023-ാം തിയതി കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ ഒരു മിന്നൽ പരിശോധന നടത്തിയിരുന്നു. മിന്നൽ പരിശോധനയിൽ കണ്ടെത്തയ ക്രമക്കേടുകളിൽ കൂടുതൽ അന്വേഷിക്കുന്നതിനായി, അന്നത്തെ കാരശ്ശേരി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ ഇന്ന് (18.03.2025) ഒരു പ്രാഥമിക അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.